# വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

വിഷയം :- പഞ്ചായത്ത് വകുപ്പ് - ക്ലർക്ക്, സീനിയർ ക്ലർക്ക് ഉദ്യോഗക്കയറ്റം - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ 3.10.2015 ലെ ഇ4-04/2015 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ എ2-103/11, തീയതി 06.10.2015

പരാമർശ ഉത്തരവ് പ്രകാരം ക്ലർക്ക് തസ്തികയിലെ ജീവനക്കാർക്ക് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയും വയനാട് ജില്ലയിലേയ്ക്ക് അലോട്ട് ചെയ്തും ഉത്തരവായിട്ടുണ്ട്. മേൽ പ്രകാരം വയനാട് ജില്ലയിലേക്ക് അലോട്ട് ചെയ്ത സീനിയർ ക്ലർക്കിനെ അവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള ഓഫീസിലേയ്ക്ക് നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിലെ ഓഫീസും | പുതുതായി നിയമനം നൽകിയ ഓഫീസ് | അഭിപ്രായം |
|---|---|---|---|
| 1 | ഉമ്മുസൽമ.പി<br>മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് (ബിജു.പി.എസ് പ്രൊമോഷനായ ഒഴിവിൽ) | |

സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.2011 തീയതിയിലെ ജി.ഒ.(പി) 85/2011/ധന. പരിഷ്കരണ ഉത്തരവിനനുസൃതമായി ഉദ്യോഗക്കയറ്റം സ്വീകരിച്ച് ഒരു മാസത്തിനകം ശമ്പളനിർണ്ണയം സംബന്ധിച്ച ഓപ്ഷൻ ഫോറം ബന്ധപ്പെട്ട ഓഫീസ് മേധാവിയ്ക്ക് സമർപ്പിച്ച് ശമ്പള നിർണ്ണയം നടത്തേണ്ടതുണ്ട്.

സ്ഥലംമാറ്റവും ഉദ്യോഗക്കയറ്റവും നിയമനവും നൽകിയ ഉദ്യോഗസ്ഥരെ ഓഫീസ് മേധാവികൾ യഥാസമയം വിടുതൽ ചെയ്യേണ്ടതും സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ഈ ഉത്തരവ് പഞ്ചായത്ത് വകുപ്പിലെ പൊതുസ്ഥലമാറ്റ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പുന:പരിശോധിക്കുന്നതാണ്.

ഈ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)

എം.ഭാസ്കരൻ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

വയനാട്.

വ്യക്തിക്ക് - ഓഫീസ് മേധാവി മുഖാന്തിരം

പകർപ്പ് :-
1. പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, മുണ്ടേരി, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തുകൾ.

3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
4) ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) കരുതൽ/അധികം

*B/*